## ഭരിക്കുന്നവർ നമ്മളെ പണയം വെയ്ക്കുകയാണ്

## നമുക്കെന്തു ചെയ്യാനുണ്ടിനി?

# ഒരു അങ്കത്തിനുള്ള ബാല്യം ഇനിയുമുണ്ട്

സ്വന്തം ലേഖകൻ

നിവർന്നുനിൽക്കാൻ നട്ടെല്ലുമാത്രം പോരാ, മുട്ടെല്ലു കൂടി വേണം. മുട്ടെല്ലിനു തകരാറുള്ള നമ്മുടെ പ്രധാനമന്ത്രി ഒരു പ്രതീകമാണ്. സ്വന്തം കാലിൽ നിൽക്കാനാവാത്ത ഒരു മ്ലേച്ഛ ജനസമൂഹത്തിന്റെ നായകസങ്കല്പം.

തറവാട്ടുമുതൽ വിറ്റുമുടിച്ച് നിത്യവൃത്തി കഴിക്കുന്നതും ആണത്തമായി കരുതുന്ന ചില കീടജന്മങ്ങളുണ്ട്. അത്തരക്കാർ നയിച്ചുനയിച്ചാണ് നമ്മൾ ലോകബാങ്കിൽ നിന്ന് ഏറ്റവുമധികം കടംവാങ്ങിയ രാജ്യമായി മാറിയത്. ഗതാഗതം, വാർത്താവിനിമയം, ഇൻഷൂറൻസ്, ആരോഗ്യം, വിദ്യാഭ്യാസം, ഭക്ഷണം, പാനീയം, ടൂറിസം, വസ്ത്രനിർമ്മാണം, മരുന്നുനിർമ്മാണം......... എന്നിങ്ങനെ സമസ്തമേഖലകളും വിദേശികൾക്ക് തീറായും പാട്ടമായും കൊടുത്ത് തറവാട് കുളം തോണ്ടി അതും വലിയൊരു കാര്യമാക്കി പാടിപ്പുകഴ്ത്തിനടക്കുന്ന പരിഷകൾക്ക് സ്വസ്തി പറയുക.

പക്ഷേ, മന്ത്രിമാർക്കും അവരുടെ സ്വന്തബന്ധുമിത്രാദികൾക്കും രാഷ്ട്രീയ കക്ഷികൾക്കും സംഭാവനയും കമ്മീഷനും കൊടുത്ത്, ഇന്ത്യയുടെ നിയമങ്ങളും നിയന്ത്രണങ്ങളും മാറ്റിച്ച്, തങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും കൊണ്ടുവന്നുനിരത്തി, ദൃശ്യശ്രാവ്യമാധ്യമങ്ങളിലെ പരസ്യങ്ങളിലൂടെ ഇന്ത്യൻ ജനതയുടെ മസ്തിഷ്കപ്രക്ഷാളനം നടത്തി തങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഉപഭോക്താക്കളാക്കി അവരെ മാറ്റിയെടുക്കാമെന്ന ആഗോള വ്യാപാരകുത്തകകളുടെ പ്രതീക്ഷ സഫലമാകുമെന്ന് ഉറപ്പുണ്ടോ?

ഒരു ഭരണാധികാരിക്ക് മറ്റൊരു ഭരണാധികാരിയിൽ നിന്ന് പണം കൊടുത്ത് വാങ്ങാവുന്ന ഒന്നല്ല ഒരു ജനതയുടെ സംസ്കാരവും സ്വാതന്ത്ര്യവും. ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പങ്ങളെത്തന്നെ മാറ്റിത്തീർത്ത്, കളിപ്പാട്ടക്കടയിലെ ബൊമ്മകളെക്കണ്ട് അവയ്ക്കുവേണ്ടി കരയുന്ന കുട്ടികളെപ്പോലെ നമ്മളെ പരുവപ്പെടുത്തിയെടുക്കാമെന്ന് മോഹിക്കുന്നവർക്ക്, തിരിച്ചടി കൊടുക്കാൻ നമുക്കാവും. ഇനിയും ഒരങ്കത്തിന് ബാല്യമുണ്ട്.

പ്രതിരോധിക്കാനുറച്ച ഒരു ജനതയെ ആർക്കു കീഴ്പെടുത്താനാവും? ആർക്കുമില്ല. അതറിയുകയാണ് പ്രധാനം. കടകളിൽ വന്നുനിറയുന്ന ഉല്പന്നങ്ങളല്ല; പരസ്യങ്ങൾ നൽകുന്ന സന്ദേശങ്ങളല്ല, നമ്മളെ സ്വാധീനിക്കേണ്ടത് - നമ്മൾ മാത്രമാണ്.

ആഗോളവൽക്കരണത്തിനും വിദേശമൂലധനവൽക്കരണത്തിനും കുത്തകവൽക്കരണത്തിനുമെതിരെ ലോകമെങ്ങും പ്രാദേശികസംഘങ്ങളും കൂട്ടായ്മകളും ശക്തിപ്പെട്ടുവരികയാണ്. കോടിക്കണക്കിന് ഡോളർ ആസ്തിയും ആയിരക്കണക്കിന് ജോലിക്കാരും വക്താക്കളുമുള്ള വ്യാപാരക്കുത്തകകൾക്കെതിരെ അഞ്ചും പത്തും പേർ ചേർന്നുണ്ടാക്കുന്ന ചെറുഗ്രൂപ്പുകൾ ശക്തമായ സമരങ്ങൾ നടത്തുന്ന കഥകൾ ഇന്ന് പുത്തരിയല്ല.

വിദേശകുത്തകകൾ നാട്ടിൽവന്ന് സെയിൽസ്മാൻമാരേയും സെയിൽസ്ഗേളുകളേയും ഫീൽഡ് എക്സിക്യൂട്ടീവുകളേയും മാത്രമേ പ്രതീക്ഷിക്കുന്നുള്ളൂ. യന്ത്രവൽക്കരണവും കമ്പ്യൂട്ടർവൽക്കരണവും മനുഷ്യരുടെ തൊഴിലവസരങ്ങൾ കുറയ്ക്കുകയാണ്. കുത്തക ഉൽപ്പന്നങ്ങൾ പ്രാദേശിക വ്യവസായങ്ങളേയും അവ നൽകുന്ന തൊഴിലവസരങ്ങളേയും ഇല്ലാതാക്കുകയാണ്.

പാമോയിലിനു പകരം വെളിച്ചെണ്ണ, കോളയ്ക്കു പകരം ഇളനീര്, കോൾഗേറ്റിനും ക്ലോസപ്പിനും പകരം നാട്ടിലുണ്ടാക്കുന്ന ദന്തധാവനചൂർണ്ണം, ലക്സിനും ലിറിലിനും പകരം ഒരു കേരളാ സോപ്പ്, റെയ്നോൾഡ്സിനു പകരം ബിസ്മി.......... എന്നിങ്ങനെ ഓരോ ആവശ്യത്തിനും ഉപയോഗിക്കുന്ന ഉല്പന്നങ്ങൾ ആരുണ്ടാക്കുന്നു, അതിന്റെ ലാഭം ആരു കൊണ്ടുപോകുന്നു, അതിനുപകരം ഉപയോഗിക്കാവുന്ന നാടൻ ഉല്പന്നങ്ങളുണ്ടോ.. എന്നു ചിന്തിച്ച് നമ്മുടെ ശീലങ്ങളെ മാറ്റിയെടുക്കേണ്ടതുണ്ട്.

നാളികേരം വിറ്റുകിട്ടുന്ന കാശുകൊണ്ട് പാമോയിലും ലക്സും വാങ്ങുന്നത് അധാർമ്മികമാണ്. ഇളനീർ വിറ്റ കാശുകൊണ്ട് കോള വാങ്ങുന്നതും സ്വന്തം തലമറന്നുള്ള എണ്ണതേയ്ക്കലാണ്. താനുൽപ്പാദിപ്പിക്കുന്ന പച്ചക്കറിയും ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളോ മറ്റുള്ളവർക്ക് വിറ്റ് കാശാക്കുന്ന ഒരാൾ ആ കാശുകൊണ്ട് അത്തരത്തിൽ മറ്റൊരാൾക്കുണ്ടാകുന്ന ഉൽപ്പന്നങ്ങൾ വാങ്ങുന്നതാണ് ശരിയും നീതിയും.

കേരളത്തിൽ 400 കോടി രൂപയുടെ കുളിസോപ്പാണ് ഒരു വർഷം ചിലവാകുന്നത്. കുളിസോപ്പിന്റെ രംഗത്ത് നമുക്ക് പേരെടുത്ത കേരള ബ്രാൻറുകൾ തന്നെയുണ്ട്. കുറെ വീട്ടുകളിലെങ്കിലും സ്വന്തമായി കുളിസോപ്പുണ്ടാക്കുന്നുമുണ്ട്, കുറെ സംഘടനകളെങ്കിലും കുളിസോപ്പുണ്ടാക്കി വിൽക്കുന്നുമുണ്ട്.

പേസ്റ്റ് വിപണിയിലിടപെടാൻ നമുക്കൊരു നാടൻപേസ്റ്റില്ല. പേസ്റ്റിനുപകരം പൽപ്പൊടി പോര. ഇപ്പോൾ പേസ്റ്റ് ഉപയോഗിക്കാത്ത സാധാരണക്കാരെക്കൂടി പേസ്റ്റുപഭോക്താക്കളാക്കാനുള്ള തന്ത്രങ്ങളുമായി കുത്തകകൾ രംഗത്തിറങ്ങിക്കഴിഞ്ഞു. ഹിന്ദുസ്ഥാൻ ലിവറിന്റെ എയിം ടൂത്ത്പേസ്റ്റ് ഇത്തരമൊരു ഉൽപ്പന്നമാണ്. 8രൂപയ്ക്കും 5 രൂപയ്ക്കും പേസ്റ്റ് വിപണിയിലിറക്കുന്ന എയിം പണത്തിന്റെ പേരിൽ പേസ്റ്റ് വാങ്ങാൻ മടിക്കുന്ന ജനസാമാന്യത്തെക്കൂടി പേസ്റ്റ്ഉപഭോക്താക്കളാക്കാനാണ് ഉദ്ദേശിക്കുന്നത്. മുള്ളിനെ മുള്ളുകൊണ്ട് എടുക്കണമെന്ന നാട്ടുമൊഴി വെച്ചുനോക്കുമ്പോൾ നമുക്കൊരു നാടൻപേസ്റ്റ് ഇറക്കേണ്ടതുണ്ട്.

ജനകീയാസൂത്രണപ്രസ്ഥാനവും സന്നദ്ധപ്രവർത്തകരുമെല്ലാം ഇത്തരത്തിലുള്ള മേഖലകളെ കണ്ടുകൊണ്ട് പദ്ധതികളാസൂത്രണം ചെയ്യേണ്ടതുണ്ട്. അലോപ്പതിയിലെ അവശ്യമരുന്നുകളുടെ നിർമ്മാണം, ചെറുകിട ഉല്പന്നങ്ങളുടെ പ്രദർശന-വിപണന കേന്ദ്രങ്ങൾ, അനാവശ്യടെസ്റ്റുകളും മരുന്നുകളും കുറിച്ചുകൊടുത്ത് പണം പിടുങ്ങാത്ത ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങി ഉപഭോക്തൃചൂഷണം ഒഴിവാക്കുകയും പ്രാദേശിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഒരുമിച്ചുചെയ്യുന്ന മേഖലകളിലേയ്ക്കിറങ്ങി പ്രവർത്തിക്കുന്ന ഒരു സന്നദ്ധ പ്രവർത്തനശൈലിയിലേയ്ക്ക് നമ്മൾ മാറേണ്ടതുണ്ട്.

പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന മുദ്രാവാക്യം വീണ്ടും പ്രസക്തമാവുകയാണ്.